## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5411** 01.07.2014 ലെ മറുപടിയ്ക്ക്

## കേരള ഫിനാൻഷ്യൽ എന്റർ പ്രൈസസിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. കെ. ടി. ജലീൽ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്സസ് സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്സസ് ലിമിറ്റഡ് സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. 2011- ൽ നടപ്പാക്കിയ "പ്രോജക്റ്റ് സമ്പൂർണ്ണ" എന്ന പദ്ധതിയിലൂടെ കെ.എസ്.എഫ്.ഇ.യുടെ ശാഖകളിൽ BAS എന്ന സോഫ്റ്റ്‌വെയർ വഴി ബിസിനസ്സ് രംഗം പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചിരുന്നു. തുടർന്ന് CAS എന്ന സോഫ്റ്റ്‌വെയറിലൂടെ ശാഖകളെ റീജ്യണൽ ഓഫീസും ഹെഡ് ഓഫീസും തമ്മിൽ ബന്ധിപ്പിക്കുന്ന തരത്തിലുള്ള കമ്പ്യൂട്ടർ വൽക്കരണവും നടപ്പിലാക്കിയിട്ടുണ്ട്. Core Solution- നിലൂടെ CASBA എന്ന സോഫ്റ്റ്‌വെയർ വഴി ശാഖകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതെങ്കിലും സ്ഥാപനത്തിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായ ശേഷം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം; ഇവരുടെ നിയമനത്തിന് ഏതു മാനദണ്ഡമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) | കെ.എസ്.എഫ്.ഇ.യിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടില്ല, കമ്പ്യൂട്ടർ വൽക്കരണത്തോടനുബന്ധിച്ച് ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടിയും അനുബന്ധ ജോലികൾക്കുമായി താൽക്കാലി കമായി ബ്രാഞ്ച് മാനേജർമാർ ജോബ് വർക്ക് അടിസ്ഥാനത്തിൽ ചില ബ്രാഞ്ചുകളിൽ ആളുകളെ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായയിടങ്ങളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ പിൻവലിക്കുമെന്ന് ഉറപ്പു നൽകിയിരുന്നോ ; എങ്കിൽ ഈ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉറപ്പ് നല്കിയിരുന്നു. ബ്രാഞ്ച് മാനേജർമാർ ജോബ് വർക്ക് അടിസ്ഥാനത്തിൽ താല്കാലിക മായി നിയമിച്ചിട്ടുള്ളവരെ അവർക്ക് നല്കിയി ട്ടുള്ള ജോലി തീരുന്ന മുറയ്ക്ക് ഒഴിവാക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ.